പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 626 — 13.6.2012 ൽ മറുപടിക്ക്

ജീവൻരക്ഷാ മരുന്നുകളുടെ വില ദൈനംദിനം വർദ്ധിച്ചു വരുന്ന സംഭവം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കെ. ബഷീർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ജീവൻരക്ഷാ മരുന്നുകളുടെ വില ദൈനംദിനം വർദ്ധിച്ചുവരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കാൻസർ, കിഡ്നി രോഗങ്ങൾ, ഹൃദ്രോഗം, പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ സാധാരണക്കാർക്ക് പ്രാപ്യമായ രീതിയിൽ വില കുറച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) കാൻസർ, കിഡ്നി രോഗങ്ങൾ, ഹൃദ്രോഗം, പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സർക്കാർ ആശുപത്രികളിൽ സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. ഈ രോഗങ്ങൾക്കുള്ള മരുന്നുകൾ നീതി സ്റ്റോറുകളിലും , മാവേലി സ്റ്റോറുകളിലും പേയിംഗ് കൗണ്ടറുകളിലും , കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികളിലും ന്യായ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. |
| (സി) മരുന്നുകൾ വില കുറച്ച് നൽകുന്നതിന് വേണ്ടി ആരംഭിച്ച നീതി മെഡിക്കൽ സ്റ്റോർ പോലെയുള്ള സ്ഥാപനങ്ങൾ ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തുന്നതിനും, അവിടെ എല്ലാത്തരം മരുന്നുകളും ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (സി) സർക്കാർ ആശുപത്രികളിലെ മരുന്ന വിതരണം ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ്. കമ്മ്യൂണിറ്റി ഫാർമസികളും വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. 35 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ കൂടി ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ